LIBRARY ARCHIVES Kerala Legislative Assembly

പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

79 (1134) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിച്ചു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) സർക്കാർ മേഖലയിൽ പുതുതായി എത്ര പ്ലസ് ടു സ്കൂളുകളാണ് അനുവദിച്ചത് ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) എയിഡഡ് മേഖലയിൽ പുതുതായി എത്ര പ്ലസ് ടു സ്കൂളുകളാണ് അനുവദിച്ചത് ; ഓരോ സ്കൂളിന്റെയും മാനേജ്മെന്റിന്റെ വിലാസവും ജില്ലതിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ ;

(ഡി) സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര തസ്തികകൾ അനുവദിച്ചു ;

(ഇ) എയിഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര തസ്തികകൾ അനുവദിച്ചു ;

(എഫ്) പുതുതായി അനുവദിച്ച തസ്തികകൾക്ക് ശമ്പളം നൽകുന്നതിന് പ്രതിവർഷം എത്ര രൂക ചെലവു പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 225. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) 61 സ്കൂളുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II*ആയി ചേർക്കുന്നു.

(സി) 164 സ്കൂളുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം III *ആയി ചേർക്കുന്നു. സ്കൂളിന്റെ ഔദ്യോഗിക വിലാസം തന്നെയാണ് മാനേജരുടെ വിലാസമായി ഉപയോഗിക്കുന്നത്.

(ഡി) സർക്കാർ മേഖലയിൽ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ഇ) എയ്ഡഡ് മേഖലയിൽ എട്ട് സ്കൂളുകളിലായി 79 തസ്തികകൾ അനുവദിച്ചു.

(എഫ്) പുതുതായി അനുവദിച്ച സ്കൂളുകളിലെ മഴുവൻ തസ്തികകളും കണക്കാക്കിയതിനുശേഷം മാത്രമെ ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.